







# ഉദയം

BY LITTLE KITES
RVVHSSVALAKOM



Dream, Dream, Dream
Dreams transform into thoughts and thoughts result in action.

- A P J ABDUL KALAM

# ദീപ്ത സ്മരണകളോടെ



## ശ്രീ.ആർ . ബാലകൃഷ്ണപിള്ള

## മുൻ മാനേജർ



# ശ്രീ.കെ .ബി .ഗണേഷ് കുമാർ

## മാനേജർ ആർ . വി . വി . എച്ച് . എസ്. എസ്.

## വാളകം

# ആശംസ



## ശ്രീ . സുനിൽ പി. ശേഖർ
### ഹെഡ്മാസ്റ്റർ

ഡിജിറ്റൽ ലോകത്തിന്റെ വിശാലതയിലേയ്ക്ക് പ്രവേശിക്കുന്ന ആർ.വി.വി.എച്ച്.എസ്.എസിലെ ലിറ്റിൽകൈറ്റ്സ്അംഗങ്ങളെ അഭിനന്ദിക്കുന്നു. ലിറ്റിൽ കൈറ്റ്സിന്റെ2025- 2026 വർഷത്തെ ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ ഭാവനാപരവും സാങ്കേതികവുമായ കഴിവുകളുടെ പ്രകടനമാകട്ടെ. ഒപ്പം പുതുതലമുറയ്ക്ക്പ്രചോദനവുമാകട്ടെ എന്ന് ആശംസിക്കുന്നു.

# ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബ് സിന്ധു ഗുജറാത്തു മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യ ഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധി തരംഗാ,
തവ ശുഭനാമേ ജാഗേ,
തവ ശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ

# പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്.എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരി സഹോദരന്മാരാണ്.
ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.
ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.
ഞാൻ എന്റെ രാജ്യത്തിൻറെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

# MAGAZINE TEAM

CHIEF EDITOR : KESAV R PILLAI

SUB EDITORS : NIKHIL RAMANATHAN A
: HARSHITH S HARI

COORDINATORS : ROBERT JOHN (KITE MASTER)
: T S SUPRABHA (KITE MISTRESS)



കേശവ് ആർ പിള്ള



നിഖിൽ രാമനാഥൻ എ



ഹർഷിത് എസ് ഹരി

# ചെറുപട്ടങ്ങൾ









# ഉള്ളടക്കം

എന്റെ
സ്കൂൾ........................................................................................10

സ്കൂൾ ക്ളബ്ബുകൾ .........................................................................11

സ്കൂൾ സംഘടനകൾ...................................................................12

സ്നേഹം ............................................നവമി പി.......................13

പൈതൽ ..അൻസു റോയ്.......................14

ഹൃദയം...............................സല്മാൻ ഷാ....................15

യാത്ര .................................................അക്ഷയ് എസ്..............16

പരിശ്രമം ...............................................സാന്ദ്ര എ എസ്...........17

ഋതുമേഘങ്ങൾ .....................................സുരഭി എസ്..............18

എകാന്തത .............................................അമൽ വി..................19

സ്കൂൾ -വേറിട്ട കാഴ്ചകൾ.........................................................20

ചൊല്ലുകൾ.....................................പ്രിയ പ്രദീപ്..........................21

Industrial Revolution 4.0 .................... Nikhil Ramanathan..........22

Internet .............................................Unnikrishnan A................23

Rise of AI in India .................................Harshit S Hari.................24

വാഗമൺ യാത്ര ........................................അലീന സുരേഷ്..............25

എന്റെ യാത്രാ വിവരണം ..............................അവന്തിക മോഹൻ..........27

യാത്ര ഇടുക്കി ..............................................മിഷാന ഐ..................29

യാത്ര കണ്ണൂർ ...............................................അഞ്ജനാദേവി എ........31

ഇടവേള ......................................................കൃഷ്ണദത്ത് എ.............34

ശുദ്ധ മനസ്സ് ..................................................ജിയ അജി.................36

പൊൻ താരകങ്ങൾ.....................................................................37

വരകൾ..........39
അഭിനവ് എ എൽ
ആദിഷ് റെജി
അഭിരാമി എ
മിഥുൻ ആർ എസ്
അജീഷ് വി
അനീഷ് എച്ച്
നിതിൻ ബി

ഗ്യാലറി..........44

ചിത്രകഥ ..........കൃഷ്ണദത്ത് എസ് എസ്..........47

Nature ..........Ragendu B S..........48

Little kites ..........Justin Jose..........49

സ്വാതന്ത്ര്യ ദിനം..........50

റിപ്പബ്ളിക് ദിനം..........51

സ്കൂൾ വാർഷികം..........52

# എന്റെ സ്കൂൾ















# സ്കൂൾ ക്ലബ്ബുകൾ

• നാഷണൽ സർവീസ് സ്കീം (എൻഎസ്എസ്)
• ഗണിതശാസ്ത്ര ക്ലബ്ബ്
• സാമൂഹിക ശാസ്ത്ര ക്ലബ്ബ്
• വർക്ക് എക്സ്പീരിയൻസ് ക്ലബ്ബ്
• സയൻസ് ക്ലബ്ബ്
• ഐടി ക്ലബ്ബ്
• ഇക്കോ ക്ലബ്ബ്
• അക്കാദമിക് രംഗം, കല, സാഹിത്യ ഫോറം
• കരിയർ ഗൈഡൻസ് & കൗൺസിലിംഗ് ക്ലബ്ബ്
• ഫോറസ്ട്രി ക്ലബ്ബ്
• ഹെൽത്ത് ക്ലബ്ബ്
• പരിസ്ഥിതി ക്ലബ്ബ്
• ഇംഗ്ലീഷ് ക്ലബ്ബ്
• ഹിന്ദി ക്ലബ്ബ്
• സ്പോർട്സ് ക്ലബ്ബ്
• ആർട്സ് ക്ലബ്ബ്
• ഗ്രീൻ ക്ലബ്ബ്
• ലഹരിവിരുദ്ധ ക്ലബ്ബ്
• വിദ്യാരംഗം ക്ലബ്ബ്

# സ്കൂൾ സംഘടനകൾ



എൻ സി സി



എസ് പി സി



ജെ. ആർ. സി.

# സ്നേഹം

पोथी पढि पढि  जग मुआ,
पंडित भया न कोय |
ढाई आखर प्रेम का,
पढे सो पंडित होय |

- कबीरदास

സ്നേഹമാണഖില സാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം

കുമാരനാശാൻ



നവമി പി
IX ബി

Love is the whisper the heart never denies
A quiet spark that sets the soul alight
It blooms in moments gentle and wise
Turning ordinary days into endless light

ഒറ്റൊറ്റ മതമുണ്ടുലകിന്നുയരാം
പ്രമമതൊന്നല്ലോ
പരക്കെ നമ്മെ പാലമൃതൂട്ടും
പാർവണ ശശിബിംബം


ഉള്ളൂർ എസ് പരമേശ്വരയ്യർ

# പൈതൽ

ചെറുതെന്നലിൻ തലോടലിൽ
അറിയാതെ ഉറങ്ങി ഞാൻ മാവിൻ തലോടലിൽ
സുഖസ്വപ്നമാഹന്ത കണ്ടു ഞാൻ
കുട്ടിയായിരുന്നെങ്കിൽ എന്നും ഞാൻ
ഉണരാതിരുന്നെങ്കിൽ ഞാൻ
കളിക്കാം, ഉറങ്ങാം, ഉണരാം
തിമിർത്തുല്ലസിക്കാം
തടയില്ലാരുമെന്ന
പറയാം, അറിയാം മലക്കംമറിയാം
വീണ്ടും കുട്ടിയാകാൻ കഴിഞ്ഞെങ്കിൽ.

- അൻസു റോയ്
STD : 9 സി





# ഹൃദയം



മനുഷ്യനെ

തളരാതെ, തകരാതെ

പിടിച്ചുനിർത്താൻവേണ്ട

ഒരു മരുന്നാണ് സ്നേഹം.

അത്

ഹൃദയം കൊണ്ട് മാത്രം കൊടുക്കുക.

ഹൃദയംകൊണ്ട് മാത്രം സ്വീകരിക്കുക.

സൽമാൻ ഷാ
**STD : 9എ**



# യാത്ര

യാത്രകൾ യാത്രകൾ യാത്രകൾ
കാഴ്ചകൾ കാഴ്ചകൾ കാഴ്ചകൾ
നിരന്തര യാത്രകൾ നിർമാണയാത്രകൾ
എന്നെ ഞാനാക്കും യാത്രകൾ
ഏറെ പഠിപ്പിച്ച യാത്രകൾ
ഇനിയും മറക്കാതെ യാത്രകൾ
തുടരട്ടെ വീണ്ടും യാത്രകൾ

- AKSHAY S
STD : 9 B



# പരിശ്രമം

നിയതംനിരന്തരം അനവരതം
ശ്രമിക്കുക നേടീടാം സർവ്വവും
പരിശ്രമം തന്നെയാകട്ടെ ജീവിതം
പരാശ്രയം പാരതന്ത്രമേന്നോർക്ക നീ
ശക്തമാം കരങ്ങളിൽ കൈക്കോട്ടെടുത്തു നീ
ഉഴുതുമറിക്കുക നിലവും നിനവും
പൊരുതുക നേടുക വിജയം ദിനവും നീ

സാന്ദ്ര എ എസ്





# ഋതു മേഘങ്ങൾ

ഷട്ടറുകൾ തുറക്കുന്നു
ഞാൻ തെരുവിന്റെ ഓരങ്ങളിൽ
അന്തിയുറങ്ങുന്ന ആളുകളെ
ഓർക്കുന്നു.
കടകളുടെ ഷട്ടറുകൾ അടച്ച ശേഷം
അതിൻറെ പടിയിൽ തലചായ്ച്ചുറങ്ങുന്നവരെ
അവരുടെ തീരാദുരിതത്തിന്
ആശ്വാസമേകാൻ ആരുണ്ട്?

- സുരഭി എസ്
9 ബി



# ഏകാന്തത

ഒറ്റയ്ക്കായി ഞാൻ
നിഴൽ പോലും കൂട്ടിനില്ല.
വർണ്ണമില്ല സ്വരമില്ല
ശൂന്യത ശൂന്യത
എങ്ങും ശൂന്യത മാത്രം.
ഇരുട്ടിൽ തപ്പി ഞാൻ നടന്നു
വെളിച്ചം തേടി ഞാൻ ഉഴറി
ഇല്ല ചുറ്റും കൂരിരുൾ മാത്രം
പകരാനില്ലാരും വെളിച്ചം



അമൽ വി
9 ബി



# സ്കൂൾ - വേറിട്ട കാഴ്ചകൾ













# ചൊല്ലുകൾ

1. അരിയാകുന്നതിനു മുമ്പേ അരിവാൾ.
2. മുറ്റാത്തകുട്ടി കുരുതിക്ക് പോകും.
3. നായ നടുക്കടലിലും നക്കിയേ കുടിക്കൂ.
4. മരത്തിൽ കയറാൻ പറഞ്ഞാൽ മലയിൽ കയറും.
5. കല്ലിൽ തല കൊള്ളുക.
6. ചെറുപ്പവും തലയിൽ അടിച്ചാൽ മരിക്കും.



പ്രിയ പ്രദീപ്
9 ബി



# INDUSTRIAL REVOLUTION 4.0

The Fourth Industrial Revolution, or industry 4.0, is the current phase of industrial development characterized by the fusion of digital, physical and biological technologies. It’s built upon the principles of inter connectivity, automation, real-time data analysis and the creation of “smart” systems.

**1. Possibilities of Industrial Revolution 4.0**

* Increased productivity and efficiency
* Enhanced decision-making
* Mass customization
* Improved safety and working conditions
* New business models and market growth
* Predictive medicines
* Sustainable practices

**2. Limitations and challenges of Industry 4.0**

* Job displacement and the skills gap
* High initial investment
* Cyber security and Data gaps
* Integration with legacy systems
* Ethical concerns
* The digital divide

-നിഖിൽ രാമനാഥൻ
9 സി





# INTERNET

The internet is a Massive Global network of interconnected computers and devices, forming a “network of networks” that allows for instant communication, Information sharing, and access to services like the world wide web, email, and receiving media, fundamentally changing daily life, business, and entertainment through standard like TCP/IP originating from the US military’s ‘ARPANET’ in 1969.  It has evolved into a ubiquitous tool for connecting people and resources worldwide. Despite it's benefits the internet faces risk such as Cyber crime (phishing, Malware) privacy concerns and the spread of  misinformation. Users are advised to use tools like VPN’s and the virus software to protect their data.

-ഉണ്ണികൃഷ്ണൻ എ
9സി



# The Rise of AI in India

India is rapidly embracing AI and its changing the game across sectors. From healthcare and education to agriculture, AI is boosting efficiency and solving complex problems. But what does this mean for the future.

In healthcare, AI is helping doctors with more accurately. In education, it's personalizing learning experiences and making quality education more accessible. AI powered chat bots are enhancing customer service, while self driving cars and smart traffic systems are making road safer.

As India continues to invest in AI search and development, the potential for growth is huge. However, there are concerns about job displacement and data privacy.

-ഹർഷിത് എസ് ഹരി
9 സി





# യാത്രാവിവരണക്കുറിപ്പ്
# കാഴ്ചയുടെ പൊൻവസന്തം ഒരുക്കി വാഗമൺ

10-04-2023 എന്റെ ഏറ്റവും മനോഹരമായ ദിനങ്ങളിൽ ഒന്നായിരുന്നു. ഞാനും എൻ്റെ കുടുംബവും ഒരു വിനോദ യാത്രക്ക് തുടക്കം കുറിച്ചു. ഞങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട വിനോധ സ്ഥലമായിരുന്നു വാഗമൺ. മലനിരകളെ പൂർണമായും പൊതിഞ്ഞിരിക്കുന്ന മൂടൽ മഞ്ഞിൻ്റെ പടലം കീറി മുന്നോട്ടു പുറപ്പെട്ടു. പറഞ്ഞറി. യിക്കാൻ പറ്റാത്ത അത്രയും സൗന്ദര്യം തുളുമ്പുന്ന വാഗമൺ. കേരള സംസ്ഥാനത്തിലെ ഇടുക്കി കോട്ടയം ജില്ലകളിൽ വ്യാപിച്ചു കിടക്കുന്നു. പ്രകൃതിരമണീയമായ വിനോദസഞ്ചാര കേന്ദ്രമാണ് വാഗമൺ.





പൈൻ മരങ്ങളുടെ മനോഹാരിതയും തേയിലത്തോട്ടങ്ങളിലെ തണുത്ത കാറ്റും വാഗമണിൽ എത്തുന്ന ഏതൊരു സഞ്ചാരിയുടെയും ഹൃദയം കവരും. വാഗമൺ എന്ന് കേൾക്കുമ്പോൾ മനസ്സിൽ മിന്നിമറയുന്ന ചിത്രം അവിടുത്തെ മനോഹരങ്ങൾ ആയ മൊട്ടക്കുന്നുകൾ ആണ്. എന്നാൽ എന്നെ ആകർഷിച്ചത് അവിടുത്തെ പൈൻ മരങ്ങൾ ആണ്. കാരണം വർഷങ്ങളോളം പഴക്കമുള്ള പൈൻ മരങ്ങളുടെ ഉയരവും സൗന്ദര്യവും ആകർക്ഷിച്ചു. ഞാൻ ഒരുപാട് ഫോട്ടോകൾ പൈൻ മരങ്ങളുടെ വേരുകളിൽ ഇരുന്ന് എടുത്തു.

ഏതൊരു മനുഷ്യന്റെയും മനസ്സിലെ വിഷമമുള്ള ചിന്തകളും ദുഖഃങ്ങളുള്ള ദിവസവും ആ അന്തരീക്ഷത്തിൽ മാറും. കാരണം അത്രയ്ക്ക് മനോപരമാണ് അവിടം. തണുത്ത അന്തരീക്ഷവും അവിടുത്തെ മനോഹരമായ പൈൻ മരങ്ങളും മൊട്ടക്കുന്നുകളും എന്നെ സന്തോഷിപ്പിച്ചു.

വാഗമണിലെ ഏറ്റവും മനോഹരമായ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഞങ്ങൾ സഞ്ചരിച്ചു. അഡ്വഞ്ചര് സോണിൽ ക്രമീകരിച്ചിരിക്കുന്ന ഗെയിമിൽ ഞങ്ങൾ പങ്കുചേര്ന്നു. ഞങ്ങൾ പാരാഗ്ലൈഡിംഗ് ചെയ്തു, പിന്നെ ഗ്ലാസ്സ് പാലം സന്ദര്ശിച്ചു. പിന്നീട് ഞങ്ങൾ ഒരു ഹോട്ടലിൽ കയറി ആഹാരം കഴിച്ചു. പിന്നീട് ഞങ്ങൾ അവിടുന്ന് തിരിച്ചു. കുടുംബവും ഒത്തുള്ള ഈ വിനോദയാത്ര ഞാൻ ഒരിക്കലും മറക്കില്ല.

അലീന സുരേഷ്
9 ഡി



# എന്റെ യാത്രാവിവരണം

ലോകത്തിലെ ഏറ്റവും വലിയ പക്ഷിശില്പം സ്ഥിതിചെയ്യുന്ന സ്ഥലമാണ് ചടയമംഗലത്തെ ജടായുപാറ. പ്രകൃതി ഭംഗിയും സാഹസികതയും ഒത്തുചേരുന്ന ഈ സ്ഥലം സഞ്ചാരികളുടെ പ്രിയപ്പെട്ട കേന്ദ്രമാണ്.

പ്രധാന ആകർഷണങ്ങൾ:

ജടായു ശില്പം സമുദ്രനിരപ്പിൽ നിന്ന് ആയിരം അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഭീമാകാരമായ ജടായു ശില്പം. ഇതിനുള്ളിൽ ഒരു മ്യൂസിയവും ഓഡിയോ-വിഷ്വൽ റൂമുമുണ്ട്. പാറയുടെ മുകളിലേക്ക് കേബിൾ കാറിലൂടെയുള്ള യാത്ര മനോഹരമായ കാഴ്ചകൾ സമ്മാനിക്കുന്നു. ട്രക്കിംഗ്, സിപ് ലൈൻ, റോക്ക് ക്ലൈംബിംഗ് തുടങ്ങിയ സാഹസിക വിനോദങ്ങൾക്കായി പ്രത്യേക വിഭാഗം തന്നെയുണ്ട്.






ശില്പത്തിന് സമീപത്തായി പുരാതനമായ ഒരു ക്ഷേത്രവും പ്രകൃതിദത്തായ ജലസ്രോതസ്സുമുണ്ട്. അതുപോലെത്തന്നെ ടിക്കറ്റുകൾ ഓൺലൈനായി ബുക്ക് ചെയ്യുന്നത് തിരക്ക് ഒഴിവാക്കാൻ സഹായിക്കുന്നു.

അതുപോലെത്തന്നെ കുടയും കുടിവെള്ളവും കൈയിൽ കരുതുന്നത് നല്ലതാണ്. ഞങ്ങൾ യാത്ര പുറപ്പെട്ടത് കാറിലാണ്. ഉച്ചകഴിഞ്ഞ് യാത്ര പുറപ്പെട്ടതുകൊണ്ട് വെയിൽ ഉണ്ടായിരുന്നില്ല. ഇത് എനിക്ക് നല്ല ഒരു യാത്രാനുഭവമായിരുന്നു.

-അവന്തിക മോഹൻ
ക്ലാസ് : 9 എ



# യാത്ര വിവരണക്കുറിപ്പ്
## ഇടുക്കി

യാത്രകൾ കാഴ്ചകൾ മാത്രമല്ല അനുഭവങ്ങളും സമ്മാനിക്കുന്നവയാണ്. അങ്ങനെയിരിക്കെയാണ് പ്രകൃതിയുടെ നിശബ്ദ സംഗീതം മുഴങ്ങുന്ന മല നാട്ടിലേക്ക്. പ്രകൃതി ഭംഗിയെ അതിമനോഹരമായി ആവിഷ്കരിച്ചിരിക്കുന്ന ഇടുക്കിയിലേക്ക്.

ഏതാണ്ട് 5 മണിക്കൂർ യാത്രയ്ക്ക് ഒടുവിൽ മഞ്ഞുപെയ്യുന്ന പുലരിയിൽ ഇടുക്കിയിൽ ഞങ്ങൾ എത്തി. വളഞ്ഞു കിടക്കുന്ന മലനിരകളിലൂടെ മുന്നേറുന്ന വഴി, ഇരുവശത്തും പച്ചപ്പിന്റെ ഭംഗിയാക്കാൻ വരച്ച ചിത്രങ്ങൾ ആകുന്നു. ആവനങ്ങളും, മരങ്ങളും, കാറ്റിനൊപ്പം പാടുന്ന സംഗീതം യാത്രയ്ക്ക് മാറ്റുകൂട്ടുന്നു.




ഇടുക്കിയുടെ വഴിയോരക്കാഴ്ചകൾ ആസ്വദിച്ച് നേരം പോയത് അറിഞ്ഞില്ല. അങ്ങനെ ആ യാത്രയ്ക്ക് ശേഷം ഒരു നല്ല റിസോർട്ടിൽ അന്ന് താമസിച്ച് യാത്ര ക്ഷീണം മാറ്റി. കൃത്യം പുലർച്ചെ ആറുമണിക്ക് തന്നെ ഇടുക്കി കാണുവാൻ ഞങ്ങൾ റിസോർട്ട് വിട്ട് ഇറങ്ങി. നഗരത്തിന്റെ തിരക്കിൽ നിന്നും ശബ്ദത്തിൽ നിന്നും ഒരു മോചനം കിട്ടിയത് പോലെയാണ് തോന്നിയത്. സമുദ്രനിരപ്പിൽ നിന്ന് 3000 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന രാമക്കൽമേട്ടിലേക്ക് ആയിരുന്നു ആദ്യ യാത്ര. അതിശക്തമായ കാറ്റും, ശുദ്ധമായ വായുവും കാഴ്ചകൾ മാത്രമല്ല

സമ്മാനിച്ചത് മനസ്സിനെ ശുദ്ധീകരിക്കുന്ന ഒരു നല്ല അന്തരീക്ഷം കൂടിയായിരുന്നു. അവിടെ വെച്ചു കണ്ട ഉദയസൂര്യന്റെ ചിത്രം എന്തുകൊണ്ടും എൻറെ ക്യാമറയിൽഞ്ഞതിലുപരി നന്നായി മനസ്സിലേക്ക് പതിഞ്ഞു.

അടുത്തതായി ഞങ്ങൾ പോയത് പ്രകൃതിയുമായി മനുഷ്യൻ കൈകോർത്തിണക്കിയ വിസ്മയ ഇടുക്കി അണക്കെട്ടിലേക്ക്. കേരളത്തിലെ ഏറ്റവും ഉയരം കൂടിയ ആർച്ച് ഡാം ആണ് ഇടുക്കി ഡാം. ഏകദേശം 168 മീറ്റർ ചെറുതോണി, കുറവൻ, കുറത്തി എന്നീ മൂന്ന് ഡാമുകളുടെ സംഗമമാണ് ഇടുക്കി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് പെരിയാർ നദി തടഞ്ഞ് 1976 രാഷ്ട്രത്തിന്റെ സമർപ്പിച്ച ഇടുക്കി ഡാം പ്രകൃതിയുടെ നെഞ്ചിടിപ്പിന് മുകളിൽ മനുഷ്യൻ തീർത്ത അത്ഭുതത്തിന് സമാനം ആകുന്നു.

ഇടുക്കി ഡാമിൽ നിന്ന് 47 കിലോമീറ്റർ മാറി സ്ഥിതി ചെയ്യുന്ന തേക്കടിയിലേക്ക് ആയിരുന്നു ഞങ്ങൾ മടങ്ങിയത്. പ്രകൃതിയുടെ കൈനടയിൽ ഒരു മണിക്കൂറിൽ അധികം സഞ്ചാരം. ഇന്ത്യയിലെ സങ്കേതങ്ങളിൽ ഒന്നായ പെരിയാർ വന്യജീവി സങ്കേതം തേക്കടിയിലാണ്. അവിടേക്കുള്ള യാത്രയിൽ വിജനമായ സ്ഥലത്ത് പുലിയുടേതെന്ന് തോന്നുന്ന വിധത്തിൽ ഉള്ള കാൽപാടുകൾ തികച്ചും ഒരു വ്യത്യസ്ത അനുഭവം തന്നെയാണ് സമ്മാനിച്ചത്.



സമയം അതിക്രമിച്ചതിനാൽ ഞങ്ങൾ തേക്കടിയിൽ നിന്ന് ഇറങ്ങിയിരുന്നു. വീണ്ടും എൻറെ വീട്ടിലേക്ക് ഇടുക്കി എത്ര മനോഹരം.

-മിഷാന ഐ
**STD : 9** ഡി

# യാത്രാവിവരണകുറിപ്പ്

## കണ്ണൂർ

എൻറെ ജീവിതത്തിലെ മനോഹരമായ യാത്രയായിരുന്നു അത്.  എൻറെ ചേച്ചിയുടെ കൂടെ പോയ ആ യാത്ര. ഞങ്ങൾ കണ്ണൂരിലേക്ക് ആണ് പോയത്. എന്റെ ചേച്ചിയോടൊപ്പം ഞാൻ അവിടെയുള്ള എല്ലാ സ്ഥലവും കണ്ടു. ഒരു ദീർഘസമയ യാത്രയ്ക്ക് ശേഷം ഞങ്ങൾ കണ്ണൂരിൽ എത്തി. അറിയപ്പെടുന്ന കണ്ണൂരിൽ ഞങ്ങൾക്ക് ഏറെ ഇഷ്ടമാണ് അവിടുത്തെ മനോഹരമായ സ്ഥലങ്ങൾ ആണ്. മഞ്ഞുപെയ്യുന്ന പുലരിയിൽ കണ്ണൂരിലെ ഒരു ചെറിയ ഗ്രാമത്തിലെത്തി. നഗരത്തിന്റെ ശബ്ദങ്ങളിൽ നിന്നും ഒരു മോചനം കിട്ടിയതുപോലെയാണ് എനിക്ക് അനുഭവപ്പെട്ടത്



.

കണ്ണൂരിന് ഞങ്ങൾ അപരിചിതർ ആണെങ്കിൽ കൂടി അവിടെയുള്ള ആളുകൾ ഞങ്ങളെ പരിചിതരായിട്ടാണ് പരിഗണിച്ചത്. വർണ്ണാഭമായ ആഹാര വസ്തുക്കൾ ഞങ്ങളെ ആകർഷിച്ചു. നഗരത്തിന്റെ ഉയരകളിൽ നിന്നും ഞങ്ങൾ തികച്ചും എത്തിപ്പെട്ടത് മനുഷ്യനെ ശുദ്ധീകരിക്കുന്ന ഒരു അന്തരീക്ഷത്തിലേക്ക് ആണെന്ന് തോന്നിയ

നിമിഷമായിരുന്നു കണ്ണൂരിലെ ആര്യവല്ലി ബീച്ചിലേക്ക് എത്തിയപ്പോൾ തോന്നിയത്.

കണ്ണൂരിലെ കാഴ്ചകൾക്ക് ഉപരി എനിക്കിഷ്ടമായത് ട്രെയിൻ യാത്ര ആയിരുന്നു എനിക്ക് ഏറ്റവും പ്രിയപ്പെട്ടത്.

-അഞ്ജനാ ദേവി എ

9 ഡി



# കഥ

## ഇടവേള

നഗരത്തിന്റെ തിരക്കിൽ മുങ്ങിയ ജീവിതമായിരുന്നു രാമന്. ഓരോ ദിവസവും ഓഫീസ്, ബസ്, ഫോൺ-അവന്റെ ലോകം അത്രയേറെ. ഒരു ദിവസം വൈകുന്നേരം കനത്ത മഴ കാരണം അവൻ ഒരു ചായക്കടയിൽ കയറി നിന്നു കടയിലെ പഴക്കം ചെന്ന തുരുമ്പ് പിടിച്ച ഇരുമ്പ് റേഡിയോയിൽ ഒരു പാട്ട് പതിഞ്ഞു നിന്നു. ഉണ്ടാക്കുന്ന വൃദ്ധൻ ആദ്യം ഒന്ന് മടിച്ചു. എന്നാൽ പിന്നീട് ചിരിച്ചുകൊണ്ട് അവനോട് ചോദിച്ചു, 'ഇഷ്ടമായോ ഈ പാട്ട്?'.



രാമൻ തലകുനിച്ചു ചിരിച്ചു. ആ പാട്ട് അവനെ തൻ്റെ കുട്ടിക്കാലത്തേക്ക് കൊണ്ടുപോയി. അച്ഛനോടൊപ്പം മഴ നോക്കി നിന്നിരുന്ന ആ മധുരമേറിയ കാലത്തേക്ക്. ചായകുടിച്ച് അവിടെ നിന്ന് ഇറങ്ങാൻ സമയമായപ്പോൾ മഴ ശാന്തനായിരുന്നു. തിരക്ക് അതേപടി തന്നെ അലട്ടുന്നുണ്ടെങ്കിലും തന്റെ മനസ്സ് അല്പം ലഘുവായി. ബസ്സിലേക്ക് ഓടിയില്ല പകരം റോഡ് അരികിലെ നനഞ്ഞ

നടപ്പാതയിലൂടെ അവൻ നടന്നു.മഴ കഴുകിയ നഗരത്തിന് ഒരു പുതിയ മുഖം ഉണ്ടെന്ന് തനിക്ക് തോന്നി. വഴി വിളക്കുകളുടെ വെളിച്ചം കുഴികളിലെ വെള്ളത്തിന്പിറകിലായി. ബസ്റ്റോപ്പിലെ തിരക്കിനിടയിൽ പോലും അവൻ ഒറ്റയ്ക്കാണെന്ന് ഒരു ശാന്തത അനുഭവിച്ചു.

ഫോൺ പോക്കറ്റിൽ നിന്ന് പുറത്തെടുത്തില്ല. ജോലിത്തിരക്കിന്റെ ഫോൺ കോളുകൾ ആ നിമിഷം തന്നെ തേടിയെത്താതെ ഇരുന്നത് അവനൊരു ആശ്വാസമായി. അവൻ അന്ന് മനസ്സിലാക്കി, ജീവിതം വലിയ സംഭവങ്ങൾ വേണ്ട. ചിലപ്പോൾ ഒരു ചായയും, ഒരു പാട്ടും മാത്രം മതി.

-കൃഷ്ണദത്ത് എ
9 ഡി



# ശുദ്ധ മനസ്സ്

ഒരിക്കൽ ഒരു ചെറുപ്പക്കാരൻ തന്റെ ഗുരുവിനോട് ചോദിച്ചു.
ഗുരുജി വല്ലാത്ത ഭാരം എങ്ങനെ മോചനം കിട്ടും.
അദ്ദേഹംആകുട്ടിയോട്;കുഞ്ഞേ ഒരിക്കൽ രണ്ട് ബുദ്ധഭിക്ഷുക്കൾ
നിറഞ്ഞുകിടക്കുന്ന ഒരു നദിയുടെ കരയിലെത്തി. അവിടെ
മറുകര കടക്കാൻ വിഷമിച്ചു ഒരു സ്ത്രീ നിന്നിരുന്നു. അവരുടെ
വിഷമം കണ്ട ആ ബുദ്ധ ഭിക്ഷു അവരെ ചുമലിൽ കയറ്റി മറുകര
എത്തിച്ചു സ്ത്രീ നന്ദി പറഞ്ഞു കടന്നുപോയി. കുറെ
ദൂരംനടന്നുകഴിഞ്ഞപ്പോൾ മറ്റേ ഭിക്ഷു തന്റെ ഉള്ളിലെ ദേഷ്യം
പുറത്തുകാണിച്ചു. സ്ത്രീകളെ നോക്കുവാൻ പോലും
അനുവാദമില്ലാത്ത താങ്കൾ ആ സ്ത്രീയെ ചുമലിൽ കയറ്റി അക്കരെ
കടത്തിയിരിക്കുന്നു. ഇത് തീർത്തും തെറ്റാണ്. അപ്പോൾ ഒരു
പുഞ്ചിരിയോടെ പറഞ്ഞു. സുഹൃത്തേ അക്കരെ എത്തിയപ്പോൾ
ഞാൻ ആ സ്ത്രീയെ വിട്ടു താങ്കൾ ഇപ്പോഴും എന്തിനാണ് അവരെ
ചുമക്കുന്നത്. വിട്ടുകളയേണ്ട പഴയ മാലിന്യം ഒന്നും തലയിലും
മനസ്സിലും ചുമക്കാതെ വിട്ടുകളയൂ സാമാധാനം കിട്ടിയില്ലേ? അത്
ബന്ധങ്ങൾ ആയാലും വിഷമങ്ങൾ ആയാലും.
Let it go .

(ശേഖരണം ) ജിയ അജി

10 ഡി



# പൊൻ താരകങ്ങൾ




അനന്തകൃഷ്ണൻ എ .എസ്
സംസ്ഥാന കലോത്സവം
മിമിക്രി എ ഗ്രേഡ്




ഭാഗ്യലക്ഷ്മിനാഥ് എ. ടി
സംസ്ഥാന കലോത്സവം
വീണ ബി ഗ്രേഡ്

നിഖിൽ രാമനാഥൻ
എൽ കെ ജില്ലാക്യാമ്പ്






അജു എസ് മാത്യു
സബ് ജില്ലാ ഐ ടി ഫെയർ
അനിമേഷൻ

എൽ പി
സബ് ജില്ലാ
വിജയികൾ




വി എച്ച് എസ് സി,
എച്ച് എസ് സബ്
ജില്ലാ വിജയികൾ






ABHINAV A L
STD : 9 C







**ആദിഷ് റെജി**

**9 ഡി**







അഭിരാമി എ
**9** ഡി









മിഥുൻ ആർ എസ്
9 ഡി






അജീഷ് വി
9 എ






**അനീഷ് എച്ച്**
**9 എ**



**നിതിൻ ബി**
9 ബി



# 2025-2026

## പ്രവേശനോത്സവം











## നന്ദന ഐ എ എസിന് അഭിനന്ദനം





# വായനാദിനം





# ഓണം പൊന്നോണം








# കലോത്സവം
















# കാർട്ടൂൺ




കൃഷ്ണദത്ത് എസ് എസ്



# NATURE

ı am a human
I'm tried from cities,
I am going to nature,
To find peace.

Long and shady trees,
And that cool breeze,
Made me relax and calm,
And found tree of palm.
The plain ground'
With flora and fauna,
And silence all over the area,
Made me feel peace.
The clouds were as light as air,
And blew with the wind,
And the sun set,
Was the day's end.

-RAGENDU B S
STD : 10 D



# LiTTLE KITES

EMPOWERING ADOLESCENTS WITH FUTURE

READY SKILLS

The inspiring story of Little Kites

A call to action

-JUSTIN JOSE
STD : 10 D

# സ്വാതന്ത്ര്യ ദിനം



# റിപ്പബ്ലിക് ദിനം









# സ്കൂൾ വാർഷികം









# സാരോപദേശം



ഇന്റർനെറ്റ് മാത്രമല്ല
എല്ലാം
സൂക്ഷിച്ചുപയോഗി
ച്ചാൽ ദുഖിക്കേണ്ട
ഇന്റർനെറ്റ്
കുഴപ്പക്കാരനാണെന്ന്
കേട്ടല്ലോ ശരിയാണോ
അച്ഛാ ?

# നന്ദി